ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അന്വേഷണം നടത്തുന്നതാണ്.

പാനൂർ പഞ്ചായത്തിലെ പോലീസ് അതിക്രമം

45 (3790) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, പാനൂർ പഞ്ചായത്തിലെ പറമ്പത്ത് മിത്തൽ കുഞ്ഞിരാമൻ, കുഞ്ഞിപ്പറമ്പ് ചിരുത, കുഞ്ഞിപ്പറമ്പത്ത് നാണു, പാറമ്മേൽ നാണി, കുഞ്ഞിപ്പറമ്പത്ത് കുഞ്ഞിക്കണ്ണൻ, എന്നിവരുടെ വീടുകളിൽ 18-6-2002-ന് പോലീസ് അതിക്രമിച്ച് കടന്ന്, വീട്ടുപകരണങ്ങൾ മൊത്തം തകർത്തതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പോലീസ് അതിക്രമത്തിനിടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) ഇവർ നിരപരാധികളാണെന്ന് പിന്നീട് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇവരുടെ വീടുകളിൽ പോലീസ് വരുത്തിയ നാശനഷ്ടങ്ങൾക്ക് നഷ്ട പരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് ശിക്ഷാ നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. പരാതിയിൽ അന്വേഷണം നടത്തിയതിൽ പാനൂർ സി.ഐ.യെയും പാർട്ടിയേയും ബോംബെറിഞ്ഞു കൊലപ്പെടുത്താൻ ശ്രമിച്ചതിന് രജിസ്റ്റർ ചെയ്ത പാനൂർ പൊലീസ്സ്റ്റേഷൻ ക്രൈം 198/02 എന്ന കേസിലെ പ്രതികൾക്കു വേണ്ടിയുള്ള അന്വേഷണ വേളയിൽ പോലീസ് നിയമാനുസരണം തിരച്ചിൽ നടത്തിയതല്ലാതെ പരാതിയിൽ ആരോപിക്കപ്പെടുംപോലുള്ള കാര്യങ്ങൾ ഒന്നും നടന്നിട്ടില്ലാ എന്നു വെളിവായിട്ടുള്ളതാണ്.

(ബി) പോലീസ് അതിക്രമം നടത്തിയിട്ടില്ല.

(സി&ഡി) ഉത്തരം 'എ' 'ബി' എന്നിവയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്

46 (3792) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട സി.ആർ.നമ്പർ 174/03 കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly